ഓം ദുർഗ്ഗാദേവീം ശരണമഹം പ്രപദ്യേ!



# ചെമ്പൂക്കാവ് ശ്രീ കാർത്ത്യായനി ക്ഷേത്രം, തൃശ്ശൂർ

(കൊച്ചിൻ ദേവസ്വം ബോർഡ്)

# ദ്രവ്യകലശം

**2025 ഏപ്രിൽ 10 മുതൽ 12 വരെ (1200 മീനം 27 മുതൽ 29 വരെ)**

# പ്രതിഷ്ഠാദിനം

**2025 ഏപ്രിൽ 12 ശനി (1200 മീനം 29) അത്തം നക്ഷത്രം**

- ബ്രഹ്മകലശാഭിഷേകം
- ശീവേലി
- പ്രസാദഊട്ട്

## നാഗപ്രതിഷ്ഠാദിനം

2025 ഏപ്രിൽ 23 (1200 മേടം 10) മേടമാസത്തിലെ അവിട്ടം നക്ഷത്രം

# പൂരം

**ചെമ്പൂക്കാവ് ഭഗവതിയുടെ എഴുന്നള്ളത്ത്**

**2025 മെയ് 6 ചൊവ്വ (1200 മേടം 23)**

| | |
|---|---|
| **കൊടിയേറ്റം** | 2025 ഏപ്രിൽ 30 ബുധൻ (1200 മേടം 17) |
| **കൊടിയിറക്കം** | 2025 മെയ് 7 ബുധൻ (1200 മേടം 24) |





ഭക്തജനങ്ങളെ,

ചെമ്പൂക്കാവ് ശ്രീ കാർത്ത്യായനി ക്ഷേത്രത്തിലെ "പ്രതിഷ്ഠാദിനം" ദ്രവ്യകലശത്തോടെ **2025 ഏപ്രിൽ 12 (1200 മീനം 29) ശനിയാഴ്ച** വിവിധ പരിപാടികളോടെ കൊണ്ടാടുവാൻ ക്ഷേത്രോപദേശക സമിതി തീരുമാനിച്ചിട്ടുണ്ട്.

**"ശുദ്ധി വർദ്ധിച്ച ദേവിക്കേ ശക്തിയുണ്ടാകൂ"**

തന്റെ ഭക്തന്മാരെ അനുഗ്രഹിക്കുന്നതിനായി ബിംബോപാദിയിൽ പൂജാദികളെ അനുഭവിച്ചുകൊണ്ട് നിത്യസാന്നിദ്ധ്യം ചെയ്യുന്ന ദൈവ ചൈതന്യത്തിന് കാലപ്പഴക്കത്താലും മറ്റു അശുദ്ധികളാലും ചൈതന്യലോപം സംഭവിക്കുന്നു. ഇപ്രകാരം സംഭവിച്ചാൽ ദേവിയുടെ അനുഗ്രഹകല വർദ്ധിപ്പിക്കുന്നതിനും ഭക്തജനപഥത്തിന് ശാന്തിയും, സമാധാനവും, സർവൈശ്വര്യങ്ങളും പ്രദാനം ചെയ്യുന്നതിനും അത്യന്തം പുണ്യപ്രദവും ഭക്തിനിർഭരവും ആദ്ധ്യാത്മിക പ്രചോദകവുമായതാണ് ദ്രവ്യകലശം. **2025 ഏപ്രിൽ 10 മുതൽ 12 വരെയുള്ള തിയ്യതികളിൽ (1200 മീനം 27 മുതൽ 29 വരെ)** ക്ഷേത്രം തന്ത്രി **ബ്രഹ്മശ്രീ പുലിയന്നൂർ ശങ്കരനാരായണൻ നമ്പൂതിരിപ്പാടിന്റെ** മുഖ്യകാർമ്മികത്വത്തിൽ ഈ മഹത് യജ്ഞം നടത്തപ്പെടുന്നു.

ക്ഷേത്രത്തിൽ താംബൂലപ്രശ്നത്തിൽ കണ്ട ദോഷങ്ങൾക്കുള്ള പരിഹാര കർമ്മങ്ങൾക്ക് തുടക്കം കുറിക്കുന്നു.

ക്ഷേത്രത്തിൽ നടക്കുന്ന ദ്രവ്യകലശത്തിലും, കലാപരിപാടികളിലും ഭക്തജനങ്ങളുടെ സാന്നിദ്ധ്യ സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

ക്ഷേത്ര ഉപദേശക സമിതിക്കുവേണ്ടി

| പ്രസിഡന്റ് | സെക്രട്ടറി | ദേവസ്വം ഓഫീസർ |
|---|---|---|
| **സി.കെ. നാരായണൻ നമ്പൂതിരി** | **കെ. മഹേഷ്** | **പി.എം. കൃഷ്ണൻ** |



# ഓരോ ദിവസത്തെയും പരിപാടികൾ

## 1–ാം ദിവസം (2025 ഏപ്രിൽ 10) വ്യാഴം



വൈകുന്നേരം : പ്രാസാദ ശുദ്ധി

ദീപാരാധനയ്ക്കു ശേഷം

പ്രതിഷ്ഠാദിനത്തോടനുബന്ധിച്ചുള്ള കലാപരിപാടികളുടെ ഉദ്ഘാടനം ബഹു. കൊച്ചിൻ ദേവസ്വം ബോർഡ് പ്രസിഡന്റ് **ശ്രീ. കെ. രവീന്ദ്രൻ** അവർകൾ ഭദ്രദീപം കൊളുത്തി നിർവ്വഹിക്കുന്നു.

### തിരുവാതിരക്കളി

അവതരണം :

1. **ചെമ്പൂക്കാവ് NSS വനിതാ വിഭാഗം**
2. **ആതിര ധ്വനി യോഗക്ഷേമസഭ തൃശൂർ**
3. **ഗോപിക ടീം കീരംകുളങ്ങര.**
4. **തപസ്യ ടീം നവോദയ നഗർ, അത്താണി**











## 2 –ാം ദിവസം (2025 ഏപ്രിൽ 11) വെള്ളി

രാവിലെ : ഗണപതിഹോമം, ഉഷപൂജ, ബിംബശുദ്ധി കലശ പൂജ, ബിംബശുദ്ധി അഭിഷേകം, ബ്രഹ്മകലശ പൂജ, പരികലശ പൂജ, സപ്തശുദ്ധി, മൃത്യുഞ്ജയഹോമം

വൈകുന്നേരം : അധിവാസ ഹോമം, അത്താഴ പൂജ, ഭഗവതി സേവ, കലശാധി വാസം

**അധിവാസ പ്രാർത്ഥന** (ദർശനപ്രധാനം)

ദീപാരാധനയ്ക്കു ശേഷം

6.30 ന് : **അഷ്ടപദി കച്ചേരി**

അവതരണം : **കൃഷ്ണാർപ്പണം, തൃശൂർ**

## 3 –ാം ദിവസം (2025 ഏപ്രിൽ 12) ശനി

# പ്രതിഷ്ഠാദിനം

രാവിലെ : ഗണപതിഹോമം, ഉഷപൂജ, അധിവാസം വിടർത്തി പൂജ, പരികലശാദിഷേകം

**അഷ്ടപദി**

**ശ്രീ. പെരുവനം ശങ്കരനാരായണൻ**

രാവിലെ 8.30 ന് : **ബ്രഹ്മകലശാഭിഷേകം**

(ദർശനപ്രധാനം), ശ്രീഭൂതബലി

തുടർന്ന് എഴുന്നെള്ളിപ്പ്,

**പഞ്ചാരിമേളം**

**ശ്രീ പാറമേക്കാവ് അഭിഷേക്**

രാവിലെ 11.30 ന്: **പ്രസാദ ഊട്ട്**

വൈകുന്നേരം : നിറമാല, ചുറ്റുവിളക്ക്, ദീപാരാധന

6.30 ന് : **ഭജന**

**NSS വനിതാ വിഭാഗം, ചെമ്പൂക്കാവ്**

തുടർന്ന് **നൃത്തനൃത്യങ്ങൾ**







# തൃശ്ശൂർ പൂരം

**2025 മെയ് 06 ചൊവ്വ**

ഭക്തജനങ്ങളെ,

ചരിത്ര പ്രസിദ്ധമായ തൃശ്ശിവപേരൂർ പൂരം **2025 ഏപ്രിൽ 30 ന് (1200 മേടം 17)** ബുധനാഴ്ച **കൊടികയറി, 2025 മെയ് 7ന് (1199 മേടം 24)** ബുധനാഴ്ച ആറാട്ടോടുകൂടി സമാപിക്കുന്നു. ലോകപ്രസിദ്ധമായ തൃശൂർപൂരത്തിന്റെ ഒരു ഘടകപൂരമായ **ചെമ്പൂക്കാവ് പൂരം 2025 മെയ് 6 (1200 മേടം 23)** ചൊവ്വാഴ്ച ഗംഭീരമായി കൊണ്ടാടുന്നു. എല്ലാ ഭക്തജനങ്ങളുടെയും സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു.

## കാര്യപരിപാടി

### 2025 ഏപ്രിൽ 30 (1200 മേടം 17 ബുധനാഴ്ച)

വൈകുന്നേരം കൊടിയേറ്റം, ശീവേലി, ക്ഷേത്രകുളത്തിൽ ആറാട്ട് തുടർന്ന് മേളം: പാറമേക്കാവ് അഭിഷേക് & പാർട്ടി
തുടർന്നുള്ള എല്ലാ ദിവസങ്ങളിലും രാവിലെ ക്ഷേത്രകുളത്തിൽ ആറാട്ട്,
ശ്രീഭൂതബലി, ഹവിസ് എന്നിവ കാലത്ത് ഉണ്ടായിരിക്കും.

### 2025 മെയ് 01 (1200 മേടം 18 വ്യാഴാഴ്ച)

അയ്യന്തോൾ ശ്രീ കാർത്ത്യായനി ക്ഷേത്രത്തിലേക്ക് എഴുന്നെള്ളിപ്പ് (രാവിലെ പുറപ്പെടും)

### 2025 മെയ് 02 (1200 മേടം 19 വെള്ളിയാഴ്ച)

7.30ന് മുക്കാട്ടുകര മഹാവിഷ്ണു ക്ഷേത്രത്തിലേക്ക് എഴുന്നള്ളിപ്പ്, തുടർന്ന് പറയെടുപ്പ്

### 2025 മെയ് 03 (1200 മേടം 20 ശനിയാഴ്ച)

രാവിലെ 8 മണിക്ക് കുണ്ടുവാറ, മ്യൂസിയം ക്രോസ് ലെയിൻ എന്നിവിടങ്ങളിൽ പറയെടുപ്പ്

### 2025 മെയ് 05 (1200 മേടം 22 തിങ്കളാഴ്ച)

വൈകുന്നേരം 4 ന് മുല്ലനേഴി മന, ചെമ്പൂക്കാവ് മന, മേലേടത്ത് ലെയിൻ, എന്നിവിടങ്ങളിൽ പറയെടുപ്പ്.

### 2025 മെയ് 06 (1200 മേടം 23 ചൊവ്വാഴ്ച) തൃശ്ശൂർ പൂരം

വെളുപ്പിന് 5 മണിക്ക് ക്ഷേത്രകുളത്തിൽ ആറാട്ട്. കൃത്യം 7 മണിക്ക് പാണി കൊട്ടി നാദസ്വരത്തിന്റേയും പഞ്ചവാദ്യത്തിന്റേയും അകമ്പടിയോടെ ദേവി വടക്കുന്നാഥ തിരുസന്നിധിയിലേക്ക് എഴുന്നെള്ളുന്നു. പഞ്ചവാദ്യം സമാപിച്ച് പാണ്ടിമേളത്തോടുകൂടി തെക്കേഗോപുരം ഇറങ്ങി, മേളം കലാശിച്ചതിന് ശേഷം തിരിച്ച് തെക്കേഗോപുരം വഴി തന്നെ വടക്കുന്നാഥക്ഷേത്രത്തിലേക്ക് കയറി ക്ഷേത്രം പ്രദക്ഷിണം വെച്ച് കിഴക്കേ ഗോപുരം വഴി പുറത്ത് കടന്ന് ചെമ്പൂക്കാവ് ക്ഷേത്രത്തിലേക്ക് തിരിച്ചെത്തുന്നു. രാത്രി 8 മണിക്ക് ചെമ്പൂക്കാവ് ക്ഷേത്രത്തിൽനിന്ന് പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെ വടക്കുന്നാഥന്റെ കിഴക്കേഗോപുരം വഴി അകത്ത് പ്രവേശിച്ച് പടിഞ്ഞാറെ ഗോപുരം വഴി പുറത്ത് കടന്ന് ശ്രീമൂലസ്ഥാനത്ത് പഞ്ചവാദ്യം സമാപിച്ച് നായ്ക്കനാൽ വഴി ഭഗവതി ചെമ്പൂക്കാവ് ക്ഷേത്രത്തിലേക്ക് മടങ്ങുന്നു.

പഞ്ചവാദ്യം കോട്ടപ്പുറം ഉണ്ണികൃഷ്ണമാരാർ & പാർട്ടി
തെക്കേഗോപുരനടയിലെ മേളം – പാറമേക്കാവ് അഭിഷേക് & പാർട്ടി

### 2025 മെയ് 07 (1200 മേടം 24 ബുധനാഴ്ച) കൊടിയിറക്കം

വൈകുന്നേരം 5 മണിക്ക് ക്ഷേത്രക്കുളത്തിൽ ആറാട്ട്.
ക്ഷേത്ര നടക്കൽ പാറമേക്കാവ് അഭിഷേകിന്റെ നേതൃത്വത്തിൽ മേളം, ശേഷം കൊടിയിറക്കം.

Vikmy 11 9846318104

**2025 ഏപ്രിൽ 30 ബുധനാഴ്ച കൊടിയേറ്റം മുതൽ കൊടിയിറങ്ങുന്ന 2025 മെയ് 07 വരെ കൊടിക്കൽ നെല്ല്, മലർ, അവിൽ, അരി, ശർക്കര എന്നിവയുടെ പറ നിറക്കുവാൻ സൗകര്യം ഉണ്ടായിരിക്കുന്നതാണ്.**